# ലാന, ഫൊക്കാന, ഫോമ

ജോൺ മാത്യു

ഈയ്യിടെ ഡാളസിൽ ഒരു മീറ്റംഗ് നടന്നു, ഫൊക്കാന ഫോമ സാഹിത്യ അവാർഡുകൾ നേടിയവരെ ആദരിക്കാൻ. നല്ലത്, തങ്ങൾ എഴുതിയതിന് ഏതെങ്കിലും അംഗീകാരം കിട്ടുന്നത് ചെറിയ കാര്യമൊന്നുമല്ല. എന്തായാലും ഒരു കമ്മറ്റി കൂടി തീരുമാനിച്ചതല്ലേ. കമ്മറ്റി അംഗങ്ങളുടെ അറിവിൻെറയും പരിചയത്തിൻെറയും ആകെത്തുക ഒരു വ്യക്തിയുടേതിനേക്കാൾ എപ്പോഴും മേലെതന്നെ ആയിരിക്കം. അതുകൊണ്ട് ഈ അവാർഡുകൾ നേടിയവരെ നമുക്കും അഭിനന്ദിക്കാം!

എന്നാൽ പ്രശ്നം അവിടല്ല, പ്രസ്തുത സമ്മേളനം ലാന പ്രസിഡണ്ടിനെ ചുമതലപ്പെടുത്തിയിരിക്കുന്നുവത്രേ ഫൊക്കാന ഫോമകളിൽനിന്ന്, ഇതു പോരാ, ഇനിയും ഏറെ അംഗീകാരങ്ങൾ പിടിച്ചുപറ്റാൻ.

കഴിഞ്ഞ ഇരുപതു വർഷത്തോളം ഫൊക്കാന, പിന്നെ ഫോമയും, അവരുടെ രണ്ടു വർഷത്തിലൊരിക്കലുള്ള കൺവൻഷനുകളോട് ചേർന്ന് ഒന്നുരണ്ടു ദിവസത്തെ സാഹിത്യ സമ്മേളനങ്ങളും നടത്തിയിരുന്നു. ഈ കൺവൻഷൻ നേതൃത്വങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തം സാഹിത്യ യോഗങ്ങളോടായിരുന്നില്ല പകരം പരിപാടികളുടെ എണ്ണം കൂട്ടാനും തരപ്പെട്ടാൽ പ്രമുഖസാഹിത്യകാരന്മാരുടെ സാന്നിദ്ധ്യം തങ്ങളുടെ തിളക്കമായി ഉപയോഗിക്കാനും മാത്രമായിരുന്നു. ആദ്യകാലങ്ങളിൽ ഇവിടെയുള്ളവർ സ്വന്തം കീശയിൽനിന്ന് കാശുമുടക്കി നാട്ടിൽനിന്ന് സാഹിത്യകാരന്മാരെ കൊണ്ടുവന്നു, പിന്നീട് അതൊരു നഷ്ടക്കച്ചവടമായി, ധനപരമായി മാത്രമല്ല.

ഫൊക്കാന കൺവൻഷനുകളിൽ 'ആട്ടോം കാണാം താളീം ഒടിക്കാം' എന്ന ലാഘവത്തോടെയായിരുന്നു കുറേപ്പേരെങ്കിലും വന്നുകൊണ്ടിരുന്നത്. സാഹിത്യ സമ്മേളനങ്ങളുടെ ഗൗരവം അങ്ങനെ നഷ്ടമായി. അതിൻെറ തുടർച്ചയായിരുന്നു അമേരിക്കയിലെ മലയാളം എഴുത്തുകാർക്ക് തങ്ങളുടെ സ്വന്തമായിട്ടൊരു സംഘടന - ലാന - ലിറ്ററി അസോസിയേഷൻ ഒഫ് നാർത്ത് അമേരിക്ക.

ഈ പശ്ചാത്തലം മനസിലാക്കാതെയായിരിക്കണം നേരത്തെ പറഞ്ഞ ഡാളസ് സമ്മേളനത്തിൽ ഫോമയിൽനിന്നും ഫൊക്കാനയിൽനിന്നു കുടുതൽ അംഗീകാരങ്ങളും അവകാശങ്ങളും പിടിച്ചു പറ്റാൻ ലാന പ്രസിഡണ്ടനെ ചിലർ ചുമതലപ്പെടത്തിയത്. ലാന ആരുടെയും സാമന്തസംഘടനയല്ല. ലാനക്ക് ഫൊക്കാന ഫോമകളുടെ അവാർഡുകളും ആവശ്യമില്ല. ആരെങ്കിലും സ്വന്തം നിലയിൽ അംഗീകാരങ്ങൾ നേടുന്നത് അവരവരുടെ ഉത്തരവദിത്വത്തിൽ മാത്രം!

ലാന പ്രസിഡണ്ട്, അതാരാണെങ്കിലും, ധാരാളം എഴുതിയിട്ടുള്ള ഒരു വ്യക്തി തന്നെയായിരിക്കും. അദ്ദേഹം, തീർച്ചയായും അമേരിക്കയിലെ മലയാളസാഹിത്യകാര്യങ്ങളുടെ വക്താവുകൂടിയാണ്. ഇവിടെ മലയാള സാഹിത്യം ചർച്ചചെയ്യുന്ന ഏതു വേദിയിലും കസേര വലിച്ചിട്ട് കയറിയിരിക്കേണ്ടുന്ന ലാനാ അദ്ധ്യക്ഷൻ ഒരിക്കലും മറ്റ് സംഘടനകളുടെയടുത്ത് അവകാശങ്ങൾ നേടിയെടുക്കാൻ പോകേണ്ടുന്ന കാര്യമില്ല. ലാനാ സമ്മേളനങ്ങൾ ആളു കുട്ടുന്നതിനേക്കാൾ സാഹിത്യകാര്യങ്ങളിൽ തത്പ്പര്യമുള്ളവർ മാത്രം പങ്കെടുക്കുന്നതാണ്. വ്യക്തിപരമായി ആർക്കും എന്തും ചെയ്യാം, ലാനാ ഒരു വിലക്കും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഔദ്യോഗികമായി മറ്റ് സംഘടനകളുടെ അടിയാന്മാരായി വർത്തിക്കേണ്ടുന്ന ഗതികേടുണ്ടോ? ഇതിനർത്ഥം സഹകരണങ്ങളൊന്നും പാടില്ലെന്നല്ല.

അവാർഡുകൾ ഇന്ന് മേളക്കാരും കരാർക്കച്ചവടക്കാരുമാണ് കൈകാര്യം ചെയ്യുന്നത്. എഴുത്തുകാർ മുതലാളിമാരുടെ ചന്തയിൽനിന്ന് അവാർഡ് വാങ്ങുന്നതിന് പകരം എന്തുകൊണ്ട് ചർച്ചകളിൽ പങ്കെടുത്തുകൂടാ? സ്വന്തമായി എഴുതുന്നുവെങ്കിൽ അതെന്തെന്ന് വിശദീകരിക്കാനും എഴുത്തുകാരന് കഴിയണം. കൂലിക്കാരെക്കൊണ്ട് എഴുതിക്കുന്നവരോട്, അതാരാണെങ്കിലും, സഹതപിക്കുക. എഴുത്തകാർക്ക് തങ്ങളുടെ കൃതികൾത്തന്നെയാണ് അംഗീകാരം.

--------------------------oOo------------------------

08/31/10